CHURCH WEEKLY

January 2023



An Ecumenical Publication from

THE ALWAYE FELLOWSHIP HOUSE

Church Weekly

Vol. 77
Issue 1
January 2023

An Ecumenical Publication from
THE ALWAYE FELLOWSHIP HOUSE

77th Year of Publication

FOUNDER CHIEF EDITOR : Sri. N.M. ABRAHAM
First Published : December 1946

Sri K.C. Chacko
Founder of the Church Weekly (1946)



CHURCH WEEKLY
C/o The Alwaye Fellowship House
Union Christian College P.O.
Alwaye - 683 102,
Kerala, South India.
Ph : 0484-2605630, 2606986

E-mail : churchweeklyafh@gmail.com
fellowshiphse@gmail.com
Chief Editor : mgk.afh@gmail.com
Website
www.alwayefellowshiphouse.com

SUBSCRIPTION RATES

	Inside India	
Single Issue	₹	15.00
Annual	₹	150.00
10 years	₹	1,500.00
Life (Patron)	₹	10,000.00

	Outside India
Annual	USD 10
10 years	USD 100
Life (Patron)	USD 1,000

Bank of India - UC College Branch
A/c No. : 856610100002771
AFH - Church Weekly
IFS Code : BKID 0008566

- *Articles, Advertisements and Letters may be sent to the Chief Editor. Photos and matrimonial requests are also welcome. (Full page Rs.1000, Half page Rs.500)*
- *All correspondence regarding subscription enquiries may be sent to the Circulation Manager.*

Read... Subscribe... Recommend...




മഹദ്‌വചനം

God established
a relationship with mankind when
He revealed His name to Moses.

Pope Emeritus Benedict XVI
(16.04.1927 – 31.12.2022)

ഈ ലക്കത്തിൽ



CONDOLENCES

The Alwaye Fellowship House offers our humble condolences and prayers on the demise of Pope Emeritus Benedict XVI on 31.12.2022. He led the Catholic Church from 19.4.2005 to 28.2.2013 and offered to resign when his physical condition was not favourable, setting a model to all Bishops in the different Churches.

CHRISTMAS CELEBRATION



Dr. Milon Franz giving the Christmas message

The Christmas celebration at the Fellowship House was conducted on Friday, 16th December 2023, with DR. MILON FRANZ, Principal, St. Xavier's College for Women, Aluva, as the Chief Guest. The Fellowship House Ecumenical Choir rendered the Carols under the leadership of Sri Jacob Chirayil & Sri Ajith P. Mathew. Sri Kuruvilla M. George, Secretary, Sri Santhosh Oommen, Treasurer and Sri K.O. Elias, Convenor spoke on the occasion.

NEW YEAR CELEBRATION



Kuruvilla M George giving the New Year message

In connection with the New Year, special prayers were conducted on Monday, 2nd January 2023. Sri. K.O. Elias and Smt. Annamma Thomas led the prayer session. Sri Kuruvilla M. George, Secretary of the Fellowship House gave the New Year message.

NEW PATRON SUBSCRIBERS

The following well-wishers have expressed their willingness to support the Church Weekly, as Patron Subscribers. We are very happy to welcome them, with sincere thanks for their kind gesture.

MR. KURIAN VARGHESE
KOCHUPARAMPIL HOUSE,
KOOROPPADA P.O.
PAMPADY,
KOTTAYAM-686 502





MR. SUDEEP MATHEW
FLAT No. 304,
DIVYA JYOTHI ROYAL COUNTY,
MANIPAL COUNTY ROAD,
SINGASANDRA HOSUR ROAD,
BENGALURU-560 068

OBITUARY



SRI G. JOHN (76)
DOD: 13.12.2022
Puthenvilayil, Seminarypady
U.C. College P.O., Aluva-683102
(Member, AFH Senior Citizens Forum)



• മുഖമൊഴി •

പുതുവർഷക്കാഴ്ചകൾ

ഇരുട്ടിനുശേഷം വെളിച്ചംപോലെ, രാത്രിയ്ക്കുശേഷം പ്രഭാതംപോലെ, മഴയ്ക്കുശേഷം വെയിൽപോലെ, കുന്നിനപ്പുറം താഴ്വരപോലെ, ഒരു പൂന്തോട്ടത്തിൽ പൂ വിരിയുന്നതുപോലെ നാല് വർഷത്തെ യാതനകൾക്കുശേഷം നാം സുന്ദരമായ ഒരു പുതുവർഷത്തിലേക്കു കടന്നു വന്നിരിക്കുകയാണ്. 2018 ആഗസ്റ്റ് 15-ന് ആരംഭിച്ച മഹാപ്രളയത്തിന്റെ കെടുതികൾ ഏകദേശം ഒരു വർഷം നീണ്ടു നിന്നു. 2019 ഡിസംബർ 19-ന് ചൈന കൊറോണാ എന്ന ഭൂതത്തെ തുറന്നു വിട്ടു. 2020 മാർച്ച് 16-ാം തീയതി ഇന്ത്യയിൽ ലോക്ഡൗൺ ആരംഭിച്ചു. കൊറോണയുടെ താണ്ഡവം മൂന്നു വർഷം നീണ്ടു നിന്നു; നോട്ടുനിരോധനവും പ്രളയവും കൊറോണയും ഏൽപ്പിച്ച അവാച്യമായ ആഘാതങ്ങളിൽനിന്നും സ്വതന്ത്രരായി നാം പുതുവർഷത്തേക്കു കടന്നുവന്നിരിക്കുകയാണ്.

ഈ പുതുവർഷത്തിൽ നമുക്ക് വലിയ പ്രതീക്ഷകളാണുള്ളത്. പുണ്യസ്ഥലങ്ങളും തീർത്ഥാടനകേന്ദ്രങ്ങളും നിറഞ്ഞുകഴിഞ്ഞു. ആരാധാനാലയങ്ങൾ സജീവമായി. ആൾക്കൂട്ടങ്ങളും ആഘോഷങ്ങളും ആരവവും പെരുകി. എങ്ങും സന്തോഷത്തിന്റെയും ഉത്സാഹത്തിന്റെയും അലയടികൾ! മനുഷ്യസമൂഹം വീണ്ടുമൊരു കുതിപ്പിനൊരുങ്ങുകയാണ്. ഈ ആവേശവും പ്രതീക്ഷകളും നിലനിർത്താൻ പുതുവർഷത്തിനാകുമോ? അതോ നമ്മുടെ പുതുവർഷ പ്രതിജ്ഞകൾപോലെ അതും നീർക്കുമിളകൾ ആയി മായുമോ?

മതങ്ങളെ സംബന്ധിച്ചിടത്തോളം ചൈതന്യം നഷ്ടപ്പെട്ടിരിക്കുന്നു. ജീവിക്കാൻവേണ്ടി മതങ്ങളെ ആശ്രയിക്കുന്ന മനുഷ്യരെ ആശ്രയിച്ചാണ് മതങ്ങളുടെ നിലനിൽപ്പ്. ആത്മാവ് നഷ്ടപ്പെട്ട ആരാധനയും പ്രസക്തി നഷ്ടപ്പെട്ട ആചാരങ്ങളും തിളക്കം കുറഞ്ഞ കുറേ നേതാക്കളുമായി ചിലർ മതത്തെ ഊതി വീർപ്പിക്കാൻ ശ്രമിക്കുന്നു. കുറേനാൾ കൂടി ജനങ്ങളെ തങ്ങളുടെ മാസ്മരികവലയത്തിൽ പിടിച്ചു നിർത്താൻ നേതാക്കന്മാർ കിണഞ്ഞു പരിശ്രമിക്കുമ്പോൾ മതത്തെ തങ്ങളുടെ ചട്ടുകമായി ഉപയോഗിക്കുവാൻ രാഷ്ട്രീയക്കാർ കരുക്കൾ നീക്കുന്നു.

സർവ്വജനത്തിനും മഹാസന്തോഷം അറിയിച്ചു കടന്നുവന്ന യേശുക്രിസ്തുവിന്റെ അനുയായികൾ ഇന്ന് ദിവസവും കർത്താവിനെ ക്രൂശിച്ചുകൊണ്ടിരിക്കുകയാണ്. ഓർത്തഡോക്സ്-യാക്കോബായ പ്രശ്നത്തിന് 1958, 1995, 2017 എന്നീ വർഷങ്ങളിൽ ലഭിച്ച സുപ്രീംകോടതി വിധികൾ മാനിച്ച് പരിഹാരം ഉണ്ടാക്കുന്നതിനു പകരം കണ്ണടച്ചിരുട്ടാക്കുന്ന നേതാക്കന്മാരുടെ സ്വാർത്ഥത ജനമദ്ധ്യത്തിൽ ക്രൈസ്തവികതയെ പരിഹാസ്യമാക്കുകയാണ്. ഈ പ്രശ്നത്തിൽ ഉപദേശവുമായി മുന്നോട്ടുവന്ന കത്തോലിക്കാ സഭയിലെ പ്രശ്നംതന്നെ കുർബ്ബാനയാണ്! ദിവസവും ഓരോ മണിക്കൂർ ഇടവിട്ട് കുർബ്ബാന നടത്തുവാൻ അനുവാദമുള്ള കത്തോലിക്കാ സഭയിൽ ജനാഭിമുഖ കുർബ്ബാനയും ഏകീകൃത കുർബ്ബാനയും ഒന്നിടവിട്ട് നടത്തി എല്ലാ വിശ്വാസികളെയും തൃപ്തിപ്പെടുത്തുവാൻ സാധിക്കുമെന്നിരിക്കെ പിതാക്കന്മാരുടെ ധാർമ്മിക നഗ്നത മറയ്ക്കുവാൻ എന്തിനീ കുർബ്ബാന ആഭാസം? അവനവന്റെ കണ്ണിൽ കോലിരിക്കുമ്പോൾ അന്യന്റെ കണ്ണിലെ കരടെടുക്കുവാൻ കഴിയുമോ?

ശബരിമലയിൽ സ്ത്രീപ്രവേശനത്തിനുള്ള കോടതിവിധിയുമായി കുറേപ്പേർ കാട്ടിക്കൂട്ടിയ ധർമ്മയുദ്ധവും നാം കണ്ടു. ദൈവത്തിനു നിയന്ത്രണങ്ങളും നിയമങ്ങളും സൃഷ്ടിക്കുന്ന മനുഷ്യൻ ദൈവത്തെ നിസ്സഹായനാക്കുവാനാണ് ശ്രമിക്കുന്നത്. ദൈവത്തിനു സ്ത്രീ-പുരുഷ വ്യത്യാസമില്ല എന്നതാണ് യാഥാർത്ഥ്യം! ഒരു വർഷം 12 മാസങ്ങളുള്ളതിൽ കാലാവസ്ഥ അനുകൂലമായ രണ്ടു മാസം സ്ത്രീകൾക്കു മാത്രമായി ദർശനം അനുവദിച്ചാൽ തീരാവുന്ന പ്രശ്നമേയുള്ളൂവെന്ന് ആരോട് പറയും? ഭക്തിയുടെയും വിശ്വാസത്തിന്റെയും പേരിൽ ആർക്കും മുഖക്കൊട്ട കെട്ടാൻ ദൈവം ആവശ്യപ്പെടുന്നില്ല. "കടന്നു വരുവിൻ" എന്ന ദൈവശബ്ദം മതാന്ധന്മാരുടെ ബധിര കർണ്ണങ്ങളെ തുറപ്പിക്കട്ടെ.

സഹിഷ്ണുതയുടെ പര്യായമായിരുന്ന ഭാരതത്തിൽ മതത്തിന്റെയും മതാന്ധരുടെയും പിന്തുണയോടെ അധികാരം പിടിച്ചെടുക്കുവാൻ ഒരു വിഭാഗം ആളുകൾ പരിശ്രമിക്കുമ്പോൾ 'സാഹോദര്യ'ത്തിന്റെ മതത്തിലെ ചിലർ ലോകം മുഴുവൻ പിടിച്ചടക്കുവാൻ ലക്ഷ്യം വെക്കുന്നു. മതങ്ങളുടെ ഈ തിരത്തള്ളലിൽ മനുഷ്യന് എന്തു വില? മനുഷ്യൻ എന്തുടുക്കണം, എന്തു കഴിക്കണം, എന്തു ചെയ്യരുത് എന്നൊക്കെ കൽപ്പനകൾ ഇറക്കി വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുന്നവർ, അവരെ അനുസരിക്കാത്തവർ അവരുടെ ഇടയിൽത്തന്നെ ഉണ്ടെന്നും വ്യക്തിസ്വാതന്ത്ര്യത്തിനു നേരെയുള്ള കടന്നാക്രമണങ്ങൾ അപലപനീയമാണെന്നും മനസ്സിലാക്കിയാൽ നന്നായിരുന്നു. അഫ്ഗാനിസ്താനിലെയും ഇറാനിലെയും സ്ഥിതിഗതികൾ നമുക്കൊരു പാഠമാകേണ്ടതാണ്.

ഇതെല്ലാം മുതലെടുക്കുന്നത് രാഷ്ട്രീയക്കാരാണ്. സാമ്പത്തികരംഗത്തെ "അച്ചടക്കം" എന്താണെന്നറിയണമെങ്കിൽ 2016-ൽ അവതരിച്ച 2000-ത്തിന്റെ നോട്ടുകൾ എവിടെ എന്നു തിരക്കിയാൽ മതി. അവ നിങ്ങളുടെ കൈയിലില്ലെങ്കിൽ പിന്നെ എവിടെ? "രാഷ്ട്രനിർമ്മാണത്തിനും വികസനത്തിനും വേണ്ടി" ജനപ്രതിനിധികളെ വിലയ്ക്കു വാങ്ങാനും തിരഞ്ഞെടുക്കപ്പെട്ട സർക്കാരുകളെ അട്ടിമറിക്കാനും 2000-ത്തിന്റെയല്ല 5000-ത്തിന്റെ നോട്ടുണ്ടായിരുന്നെങ്കിൽ കൂടുതൽ സൗകര്യമായേനേ! അവിടംകൊണ്ടും തീരുന്നില്ല; നിങ്ങളുടെ കൈയിലുള്ള പണം മുഴുവൻ 'അര' ശതമാനം പലിശ കൂടുതൽ തരാമെന്നു പറഞ്ഞ് സമാഹരിച്ച്, ആവശ്യത്തിലേറെ വികസിച്ചു കഴിഞ്ഞ വ്യവസായ ഭീമന്മാരുടെ കൈകളിൽ എത്തിക്കുവാൻ സർക്കാരുകൾതന്നെ കൂട്ടു നിൽക്കുന്നുവെന്നും നാളെ ഒരു നേരത്തേ ആഹാരത്തിനായി ആരുടെയോ കാരുണ്യത്തിനുവേണ്ടി നാം കാത്തുനിൽക്കാൻ വികലമായ ഡിജിറ്റൽ സൗകര്യം ദുരുപയോഗം ചെയ്യപ്പെടുമെന്നും അറിഞ്ഞിരിക്കുന്നത് നല്ലതാണ്.

പുതുവർഷത്തെ നിരാശാജനകമാക്കിയെങ്കിൽ ക്ഷമിക്കുക. സന്തോഷം, സമാധാനം, സാഹോദര്യം എന്നിവ മതനേതാക്കളിൽനിന്നോ രാഷ്ട്രീയക്കാരിൽനിന്നോ കച്ചവടക്കാരിൽനിന്നോ പ്രതീക്ഷിക്കാനില്ല എങ്കിലും മനുഷ്യരിൽ കാരുണ്യത്തിന്റെ ഉറവ വറ്റാത്തതുകൊണ്ട് "നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക; കാണാത്ത ദൈവത്തെ സ്നേഹിക്കുവാൻ കാണുന്ന സഹോദരനെ സ്നേഹിക്കുക" എന്നീ കർത്തൃവചനങ്ങളനുസരിച്ച് നമ്മുടെ ചുറ്റും ഇരുട്ടിൽ കഴിയുന്ന, ജീവിതം വഴിമുട്ടി നിൽക്കുന്ന ഒരാൾക്കെങ്കിലും സന്തോഷവും ആശ്വാസവും നൽകുവാൻ വ്യക്തിപരമായി നമുക്കു സാധിക്കുമെങ്കിൽ അതു ചെയ്യുക. അതാണ് പുണ്യം! അതാണ് പുതുവർഷത്തേക്കു നമുക്കാവശ്യം. ഇന്ന് മറ്റുള്ളവർക്കുവേണ്ടി കരുതുന്ന അനേകരുണ്ട്; നമ്മളൊറ്റയ്ക്കല്ല. വികലമായ നിയമങ്ങൾ ജനജീവിതത്തിനു ചുറ്റും ഇരുമ്പുമറകൾ സൃഷ്ടിക്കുമ്പോൾ ബന്ധിതരെ മോചിപ്പിക്കുവാൻ നമ്മുടെ കൂട്ടായ പരിശ്രമം ഉണ്ടാവട്ടെ. നമ്മളും അതേ ചങ്ങലയിൽ ബന്ധിതരായേക്കാമെന്നറിഞ്ഞ്, മനുഷ്യസമൂഹത്തിന്റെ മോചനത്തിനായി ശ്രമിക്കാം. യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും സമഞ്ജസമായി സമ്മേളിച്ചിരുന്നു എന്നറിഞ്ഞ് നമ്മിലെ ദൈവികതയെയും മാനവികതയെയും സമൂഹനന്മയ്ക്കായി ഉണർത്തിയെടുക്കാം. ഏവർക്കും ഒരു നല്ല പുതുവർഷം ആശംസിക്കുന്നു. ◎

Malankara Mar Thoma Syrian Church

Kottayam - Kochi Diocese

Rt. Rev. Dr. Abraham Mar Paulos Episcopa
Diocesan Bishop



കർത്താവിൽ വാത്സല്യമുള്ളവരേ,

ചരിത്രത്തിന്റെ ഏടുകളിൽ സ്ഥാനം പിടിച്ച ഒരു കലാലയമാണ് ആലുവ യൂണിയൻ ക്രിസ്ത്യൻ കോളജ്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ നിർണ്ണായകമായ വഴിത്തിരിവിന് കാരണമായ മലബാർ ലഹള നടന്ന 1921-ൽ ആണ് യു.സി. കോളജ് സ്ഥാപിതമായത്. കെ.സി. ചാക്കോ, എ.എം. വർക്കി, വി.എം. ഇട്ടിയേര, സി.പി. മാത്യു എന്നിവരാണ് ഈ സ്ഥാപനത്തിന് രൂപം നൽകിയത്. ആഗോളവീക്ഷണവും, എക്യുമെനിക്കൽ ദർശനവും, സാമൂഹ്യപ്രബുദ്ധതയും പുലർത്തിയിരുന്ന സ്ഥാപകർ ഭാരതീയ വിദ്യാഭ്യാസ ദർശനം കാത്തുസൂക്ഷിച്ചവർ ആയിരുന്നു. അവരിൽ ഒരാളായ കെ.സി. ചാക്കോ സാറിന്റെ എക്യുമെനിക്കൽ, സാമൂഹ്യ, കാഴ്ചപ്പാടുകളിലൂടെ രൂപപ്പെട്ട ഒരു സ്ഥാപനമാണ് ആലുവയിലെ ഫെലോഷിപ്പ് ഹൗസ്. കൂട്ടായ്മകളും, ആരാധനകളും, സംഭാഷണങ്ങളും ദൈവരാജ്യ ദർശനത്തിൽ അടിസ്ഥാനപ്പെട്ടതാണ്. 76 വർഷം പിന്നിടുന്ന ഈ കൂട്ടായ്മാസമൂഹം പുതിയ ഒരു വർഷത്തിലേക്ക് പ്രവേശിക്കുന്നു. രോഗാതുരമായ ലോകത്തിൽ ആകുലതകൾ, ഒറ്റപ്പെടൽ, ഏകാന്തത എന്നിവ വളരെയാണ്. അവിടെ കൂട്ടായ ചിന്തകളും, കൂട്ടായ്മയും നാം ഒറ്റയ്ക്കല്ല എന്ന ദർശനം നൽകുന്നു. അതിനായി സ്ഥാപിക്കപ്പെട്ടതാണ് ചാക്കോ ഹോംസ്.


ഈ പുതുവർഷത്തിൽ നമുക്ക് ലഭിക്കുന്ന ദൈവരാജ്യദർശനം, യേശുക്രിസ്തുവിൽകൂടെ വെളിപ്പെട്ട പ്രത്യാശയാണ്. മാറ്റങ്ങൾക്ക് വിധേയമായ ലോകത്തിൽ - മഹാമാരി നമ്മെ എല്ലാ അർത്ഥത്തിലും ഒറ്റപ്പെടുത്തി - സാമൂഹ്യ അകലം സൃഷ്ടിച്ച ശൂന്യത എത്ര വലുത്! യേശു കർത്താവ് പറഞ്ഞു, "നിങ്ങൾ ഭയപ്പെടരുത്." ഗലീല കടലിലൂടെയാണ് യേശുവിന്റെയും ശിഷ്യന്മാരുടെയും യാത്ര. പ്രക്ഷുബ്ധതയും, പ്രതിസന്ധികളും സ്വാഭാവികമാണ്. അതുകൊണ്ടു തന്നെ വിശ്വാസം നമ്മെ ഒരുക്കേണ്ടത്, അവയെ ഒഴിവാക്കുവാൻ അല്ല, മറിച്ച്, നേരിടാനാണ്. അപ്പോൾ പ്രതിസന്ധികൾ ക്രിസ്തുസാന്നിദ്ധ്യത്തെക്കുറിച്ചുള്ള സംശയമല്ല, വ്യക്തതയും, ധൈര്യവും നമുക്ക് നല്കും. നമ്മോടൊപ്പമുള്ള ദൈവസാന്നിദ്ധ്യം ഉള്ളിൽ ശാന്തതയും, പ്രതിസന്ധികളെ നിയന്ത്രിക്കുവാനുള്ള ശക്തിയും നൽകുന്നു. അനിശ്ചിതമായ പുതുവർഷത്തിൽ, പ്രതിസന്ധികളെ പദ്ധതികളാക്കി മാറ്റുന്ന ദൈവത്തിൽ ശരണം വയ്ക്കാം. അതിരുകളില്ലാത്ത ദൈവസ്നേഹത്തിൽ നിറയാം. പുതുവർഷാശംസകൾ.


പ്രാർത്ഥനയോടെ,

ഡോ. എബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ

സഹദാസ്മരണ

സാബു ജോർജ്ജ്, കടമ്മനിട്ട





വിശുദ്ധ സ്തേഫാനോസ് : പ്രഥമ രക്തസാക്ഷി

മശിഹായെ പ്രതിതൻ നിസ്തുല രുധിരം ചൊരിഞ്ഞ
യുവകേസരി, ശെമ്മാശ്ശപ്രമുഖൻ, സ്തേഫാനോസ്;
ഇരുപത്തഞ്ചാം വയസ്സിൽ നിത്യജീവന്റെ തങ്കക്കിരീടം ചൂടിയ
തേജസ്സെഴും സഹദാ, രക്തസാക്ഷി പ്രഥമൻ!

ചിതറിപ്പാർത്ത യഹൂദജനതയ്ക്കു നൽകീ ആത്മബന്ധം
വിശ്വാസം, ജ്ഞാനം, ദൈവകൃപയും ശക്തിയും നിറയും തീക്ഷ്ണവാൻ
അബ്രാഹാം, മോശെ പിതാക്കന്മാരെ ന്യായനോട് ചേർത്ത പ്രബോധകൻ
ആത്മനിറവാൽ യഹൂദതാർക്കികരുടെ വായടപ്പിച്ച സ്തേഫാനോസ്!


സഹദേർനിണം വളക്കൂറായ് വീണുവാണ ക്രൈസ്തവസഭയിൽ
വിശ്വാസസംരക്ഷകനായ്, ശുശ്രൂഷകരിൽ മുഖ്യനായ്
യവന, അരമായ ഭാഷാന്തരത്തിൽ അഗ്രഗണ്യനായ്
തിരുവെഴുത്തിൽ മശിഹാസ്തുതി പ്രോജ്ജ്വലിപ്പിച്ച പ്രഭാഷകൻ!

കല്ലേറാൽ മരിക്കുന്നേരം കണ്ടൂ തുറന്ന സ്വർഗ്ഗം, മനുഷ്യപുത്രനെയും;
അർത്ഥിച്ചൂ പാപക്ഷമ തൻ പീഡകർക്കായ്
കല്ലെറിയുന്നോർ തൻ വസ്ത്രം കാത്ത ശൗലിനെ പൗലോസാക്കിയ മഹാനുഭവാൻ!
സഹദാവര്യൻ സ്തേഫാനോസേ, പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

വിശുദ്ധ സ്തേഫാനോസിന്റെ ഓർമ്മ – ജനുവരി 8 – 1986–ാം രക്തസാക്ഷിദിനം

കൽപ്പടവുകൾ - 25
ഫാ. ജോണി ജോർജ്
കോർ എപ്പിസ്കോപ്പാ





പിറകോട്ടും മുമ്പോട്ടും നോക്കുമ്പോൾ

രണ്ടാഴ്ചകൾക്കുമുമ്പ് 'രാജ്യാന്തര ചലച്ചിത്ര മേള' കേരളത്തിൽവച്ച് ആഘോഷമായി നടത്തുകയുണ്ടായി. അതിന്റെ സമാപനസമ്മേളനത്തിൽ ചില അപസ്വരങ്ങൾ ഉണ്ടായതായി വാർത്തയുണ്ടായിരുന്നു. അതു സംബന്ധിച്ച് ചലച്ചിത്ര അക്കാഡമി ചെയർമാനും മേളയുടെ ഡയറക്ടറുമായ രഞ്ജിത് പറഞ്ഞു: വിവാദങ്ങൾ അനാവശ്യമാണ്; മേളയിൽ കേട്ടത് 'കൂവൽ' അല്ല, 'അപശബ്ദങ്ങൾ' മാത്രമാണ്. അപ്പോൾ, കൂവൽ മൂലമുണ്ടാകുന്ന ശബ്ദത്തിന് മറ്റു ചില സന്ദേശങ്ങൾ നൽകാനുണ്ട്. സ്വരരീതി (tone) വിജയത്തിന്റെയും ഉന്മേഷത്തിന്റെയും സന്തോഷത്തിന്റെയും സമർപ്പണത്തിന്റെയും പ്രത്യാശയുടെയും പരിഹാസത്തിന്റെയും വിദ്വേഷത്തിന്റെയും എല്ലാം സന്ദേശങ്ങൾ നൽകാൻ പര്യാപ്തമാണ്. ഖത്തറിൽ വച്ച് നടന്ന കാൽപന്തുകളിയുടെ ലോകകപ്പ് മത്സരത്തിൽ മെസ്സിയുടെ നേതൃത്വത്തിൽ അർജന്റീന പ്രഥമസ്ഥാനത്തെത്തിയപ്പോൾ ലോകമെമ്പാടുമുണ്ടായ ആരവം വിജയസ്തുതിയുടെയും ഉന്മേഷത്തിന്റെയുമായിരുന്നു.

2022 കഴിഞ്ഞ് ലോകം 2023-ലേക്ക് പ്രവേശിച്ചിരിക്കുന്നു. വെളിപ്പാട് പുസ്തകം 1-ാം അദ്ധ്യായത്തിൽ യോഹന്നാൻ ശ്ലീഹായ്ക്ക് പത്മൊസ് ദ്വീപിൽ വച്ചുണ്ടായ ദർശനത്തെപ്പറ്റി പറയുന്നു. കർത്തൃദിവസത്തിൽ താൻ ആത്മവിവശനായി കാണുന്ന കാര്യങ്ങൾ ഏഴു സഭകൾക്ക് അയച്ചുകൊടുക്കാൻ "കാഹളത്തിനൊത്ത ഒരു മഹാനാദം" പുറകിൽനിന്ന് ആവശ്യപ്പെടുന്നതായി അദ്ദേഹത്തിന് അനുഭവപ്പെട്ടു. "എന്നോട് സംസാരിച്ച നാദം എന്ത് എന്നു കാണ്മാൻ ഞാൻ തിരിഞ്ഞു" ("Then I turned to see the voice that was speaking to me"...) (വെളിപ്പാട് 1:12). "നാദം കാണുക": "to see the voice." അതെന്താണ് അർത്ഥമാക്കുന്നത്? ശ്രീരാമകൃഷ്ണ പരമഹംസൻ പറയുന്നത് ശ്രദ്ധിക്കുക: പാടത്ത് പണിക്കായി പോകുന്ന അമ്മ കുഞ്ഞിനെ ഒരിടത്ത് ഇരുത്തി പണിയിലേർപ്പെടുന്നു. കുഞ്ഞ് കളിപ്പാട്ടമെടുത്ത് കളിക്കുന്നു. ഇടയ്ക്കിടയ്ക്ക് അമ്മയെ വിളിക്കുന്നു. അമ്മ വിളികേട്ട് തലയുയർത്തി നോക്കുന്നു. അമ്മയെ കണ്ട കുഞ്ഞ് കളി തുടരുന്നു. അമ്മ വീണ്ടും പണിയിലേർപ്പെടുന്നു. കുറേക്കഴിയുമ്പോൾ കുഞ്ഞ് അമ്മയെ നീട്ടി വിളിക്കുന്നു. അമ്മ വിളികേട്ട് കുഞ്ഞിന്റെ അടുക്കലേക്ക് ഓടിച്ചെല്ലുന്നു. കുഞ്ഞിന് വിശക്കുന്നു. പാലു കിട്ടാനുള്ള വിളിയാണ്. അമ്മ കുഞ്ഞിനെ വാരിപ്പുണർന്ന് മുലപ്പാൽ കൊടുക്കുന്നു. ആദ്യമൊക്കെ കുഞ്ഞു വിളിച്ചത് അമ്മയുടെ സാന്നിദ്ധ്യം ഉറപ്പു വരുത്താനാണ്.

ഇപ്പോൾ വിളിച്ചത് വിശന്നിട്ടാണ്. അമ്മയുടെ മുത്തം കിട്ടാനാണ്. സ്നേഹം അനുഭവിക്കാനാണ്. ഓരോ ശബ്ദത്തിലും അമ്മ കുഞ്ഞിന്റെ ആവശ്യത്തെ തിരിച്ചറിയുന്നതായി കാണുന്നു; പ്രതികരിക്കുന്നു.

2022-ൽ അനേക ശബ്ദങ്ങൾ (നാദങ്ങൾ) നാം കേട്ടു. ഓരോന്നും വ്യത്യസ്ത വിഷയങ്ങളെ സംബന്ധിച്ചാണ്. കെ-റെയിലിന്റെ മഞ്ഞക്കല്ല്, ബഫർ സോൺ, ജനാഭിമുഖ കുർബ്ബാന, വിഴിഞ്ഞം, എഴുതാത്ത എഴുത്ത്, യൂണിവേഴ്സിറ്റികൾ, കക്ഷിവഴക്ക്, നിയമനിർമ്മാണം, കേന്ദ്രസേന, സ്വർണ്ണക്കടത്ത്, നരഹത്യ ഇങ്ങനെ പോകുന്നു കാരണങ്ങൾ. ചിലത് അധികാരത്തർക്കങ്ങളെ തുടർന്നാണ്. അഴിമതിയും അക്രമരാഷ്ട്രീയവും പലതിലും പ്രേരകങ്ങളായിരുന്നു. അതേസമയം അനേക വികസനപ്രവർത്തനങ്ങൾ നടന്നു എന്നതും സ്മരണീയമാണ്.

2023-ലേക്ക് കാലെടുത്തു വയ്ക്കുമ്പോൾ എന്ത് ആഹ്വാനമായിരിക്കും നമ്മൾ നടത്തുക? എന്തായിരിക്കും നമ്മൾ കേൾപ്പിക്കുകയും കേൾക്കുകയും ചെയ്യുക? "കാഹളം തെളിവില്ലാത്ത നാദം കൊടുത്താൽ പടയ്ക്ക് ആർ ഒരുങ്ങും?" (1 കോരിന്ത്യർ 14:6) എന്ന ചോദ്യം ഏറെ പ്രസക്തമാണ്. "തെളിവില്ലാത്ത" എന്നുള്ളതിന് "അസ്പഷ്ടം", "അവ്യക്തം" എന്ന് മലയാളത്തിലും, 'uncertain sound', 'indistinct sound', 'wrong sound' എന്നിങ്ങനെ ഇംഗ്ലീഷിലും വ്യത്യസ്ത തർജ്ജമകളുണ്ട്. മറുഭാഷാവരത്തെക്കുറിച്ച് പറയുന്ന അവസരത്തിലാണ് കാഹളത്തെപ്പറ്റി വി. പൗലൊസ് ഉദാഹരിക്കുന്നത്. കാര്യങ്ങൾ വ്യക്തമാക്കാതെ ശബ്ദങ്ങൾ മാത്രം പുറപ്പെടുവിക്കുന്നതിൽ അർത്ഥമില്ല. ഒരു സംഗീത ഉപകരണം ആകർഷകമായതും തെളിവുള്ളതുമായ ശബ്ദം പുറപ്പെടുവിച്ചാലേ അത് സംഗീതത്തിന്റെ ഭാഗമായിത്തീരുകയുള്ളൂ. ഒരു കാഹളത്തിന്റെ കാര്യമെടുക്കൂ. വ്യക്തമായ ശബ്ദമാണ് പുറപ്പെടുവിക്കുന്നതെങ്കിൽ അത് ആളുകളെ മുന്നേറാനോ പിൻവാങ്ങാനോ ഉറങ്ങാനോ ഉണരാനോ ആഹ്വാനം ചെയ്യും. ശബ്ദം വ്യക്തമല്ലെങ്കിൽ അത് ആളുകളിൽ ആശയക്കുഴപ്പമുണ്ടാക്കും... പടയ്ക്ക് പുറപ്പെടാനുള്ള ആഹ്വാനം ഉറങ്ങാനുള്ള ആഹ്വാനമായി കേട്ടാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തിനെപ്പറ്റി പ്രത്യേകം പറയേണ്ടതില്ലല്ലോ. അതുപോലെ ആത്മീയ സന്ദേശങ്ങൾ നൽകുമ്പോഴും അവ വ്യക്തവും ഋജുവും ആയിരിക്കണം.

2023-നെക്കുറിച്ച് എന്താണ് നമ്മുടെ ഉൾക്കാഴ്ച? വാഗ്ദത്തഭൂമിയിലേക്കുള്ള യാത്രയിൽ മോശെ യിസ്രായേൽജനത്തിനു നൽകുന്ന സന്ദേശം ഇവിടെ പ്രസക്തമാണ്. **"നിങ്ങൾ കൈവശമാക്കുവാൻ ചെല്ലുന്ന ദേശമോ മലകളും താഴ്‌വരകളും ഉള്ളതായി ആകാശത്തുനിന്ന് പെയ്യുന്ന മഴവെള്ളം കുടിക്കുന്നതും നിന്റെ ദൈവമായ യഹോവ പരിപാലിക്കുന്നതുമായ ദേശമാകുന്നു. ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ നിന്റെ ദൈവമായ യഹോവയുടെ ദൃഷ്ടി എപ്പോഴും അതിന്മേൽ ഇരിക്കുന്നു"** (ആവർത്തന. 11:11-12).

കുന്ന് ഉന്നതങ്ങളിലേക്കുള്ള ശ്രേണിയാണ്. കയറുന്നത് ശ്രമകരമായ അനുഭവമാണ്. കയറിക്കിട്ടിയാൽ ഉല്ലസിക്കാം. താഴേക്കിറങ്ങുന്നത് സൂക്ഷിച്ചാകണം. ഇല്ലെങ്കിൽ അപകടം വിളിച്ചുവരുത്തും. താഴ്‌വര ഫലഭൂയിഷ്ഠമാണ്. പക്ഷേ ഉരുൾപൊട്ടലോ വെള്ളപ്പൊക്കമോ മൂലം നാശനഷ്ടങ്ങൾ ഉണ്ടാകാം. അതുകൊണ്ട് ശ്രദ്ധയോടെ വേണം ജീവിക്കാൻ. ദൈവപരിപാലനം എപ്പോഴും ഉണ്ടാകും. ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ (throughout) ദൈവസാന്നിദ്ധ്യം ഉറപ്പാണ്. സുഖത്തിലും ദുഃഖത്തിലും ദൈവാനുഗ്രഹം അനുഭവിക്കാൻ പഠിക്കണം. ഇന്ന് ഒരുതരം അലംഭാവം (complacency) - പ്രത്യേകിച്ച് കോവിഡിനുശേഷം - നമുക്കുണ്ടായിരിക്കുന്നു. ഇത് മാറ്റിയെടുക്കണം. **മുൻഗണനകൾ (priorities) ശ്രദ്ധയോടെ തിരഞ്ഞെടുത്ത് നടപ്പിൽ വരുത്താനായിരിക്കണം നമ്മൾ തീരുമാനം എടുക്കേണ്ടത്.** ◎

ക്രിസ്തുമസ്സ്

(തുടർച്ച)

താഴ്മയോടും നല്ല മനസ്സോടും സന്തോഷത്തോടുംകൂടെ മനുഷ്യചരിത്രത്തിൽ ദൈവോദ്ദേശ്യങ്ങൾ നിറവേറ്റുന്നതിൽ തന്റെ പങ്കു വഹിക്കുകയെന്നുള്ളതാണ് ഒരു ക്രിസ്ത്യാനിയുടെ പ്രഥമ ധർമ്മം. അതാണ് അവന്റെ പരമാനന്ദത്തിനാസ്പദമായിരിക്കുന്നതും. ഇതിന് ഒരുത്തമ ദൃഷ്ടാന്തം വിശുദ്ധ കന്യകമറിയാമാണ്. *"കണ്ടാലും, ഞാൻ കർത്താവിന്റെ ദാസി, അവിടത്തെ വചനപ്രകാരം എനിക്കു ഭവിക്കട്ടെ"* എന്നുള്ള അവളുടെ സമ്മതമാണ് മിശിഹാവതാരം സാദ്ധ്യമാക്കിത്തീർത്തത് എന്നു സഭാപിതാക്കന്മാരിൽ ഒരാൾ പറഞ്ഞിരിക്കുന്നതു സ്മർത്തവ്യമാണ്. അവളിൽനിന്നു വചനം ജഡം ധരിച്ചു. അവളുടെ സ്ത്രീത്വം വാഴ്ത്തപ്പെടുകയും ശുദ്ധീകരിക്കപ്പെടുകയും ചെയ്തു. ഇത് അപ്രമേയമായ അനുഗ്രഹാവസ്ഥയത്രെ. **ഇതേ വിശ്വാസവും ജീവിതത്തിൽ ദൈവം നൽകുന്നതെല്ലാം സന്തോഷപുരസ്സരം സ്വീകരിക്കുവാനുള്ള സന്നദ്ധതയും, ബേതലഹേമിലേക്കുള്ള യാത്രയിലും സത്രത്തിൽ സ്ഥലം കിട്ടാതെ വന്നപ്പോൾ പുൽക്കൂട്ടിൽ താമസമാക്കുന്നതിലും തെളിഞ്ഞു കാണുന്നു.** ഇങ്ങനെയുള്ള ലഘുജീവിതം വിശുദ്ധിയുടെ പരമകാഷ്ഠയത്രേ.

ചരിത്രത്തിൽവച്ച് ഏറ്റവും പ്രധാനമായ സംഭവം നടന്നത് കേവലം നിസ്സാരമായ ചുറ്റുപാടുകളിലായിരുന്നു എന്നു നാം ഓർക്കുമ്പോൾ, നമ്മുടെ ശുഷ്കജീവിതങ്ങൾക്കും വെറും മെനക്കേട് എന്നു വിചാരിക്കുന്ന ജോലികൾക്കും ഒരു പുതിയ അർത്ഥം ഉണ്ടാകുന്നു. നമ്മുടെ ജീവിതത്തിലെ ഓരോ ചെറിയ അനുഭവവും നാം ക്ഷമയോടും സ്നേഹത്തോടും വിശ്വാസത്തോടുംകൂടി സ്വീകരിക്കുമ്പോൾ അവ ദൈവകൃപയ്ക്കുള്ള വട്ടികൾ മാത്രമല്ല, ദൈവോദ്ദേശ്യനിവൃത്തിക്കുള്ള ആയുധങ്ങൾ കൂടെയായി പരിണമിക്കുന്നു. മനുഷ്യ നേത്രങ്ങൾക്കു ഭൗതികമായ നിസ്സാരത, പക്ഷേ ദൈവദൃഷ്ടിയിൽ നിത്യമായ മഹത്വം - ഇങ്ങനെ ജീവിതം മുഴുവൻ കൗദാശികമായി (Sacramental) ദൈവമയമാക്കപ്പെടുന്നു.

ദിവ്യശിശുവിന്റെ ചുറ്റുമുള്ള മൂന്നു കൂട്ടരെപ്പറ്റിയും തിരുവവതാരത്തിന്റെ ചരിത്രപരമായ യാദൃശ്ചികതയെപ്പറ്റിയും നാം ചിന്തിച്ചു. ഇനി **മിശിഹാവതാരത്തിന്റെ സ്വഭാവത്തെപ്പറ്റി രണ്ടു വാക്കു പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു.** ദൈവം മനുഷ്യനായപ്പോൾ എന്താണു സംഭവിച്ചത്? ദൈവത്തിന്റെ ആത്മാവ് യേശു എന്ന മനുഷ്യനിൽ കുടികൊണ്ട് ആ മനുഷ്യൻ മുഖാന്തരമായി ദൈവോദ്ദേശ്യങ്ങൾ നിവർത്തിച്ചു എന്ന് നാം പലപ്പോഴും സങ്കല്പിക്കാറുണ്ട്. അവതാരം എന്ന ഹിന്ദുതത്വമാണിത്. പക്ഷേ ജഡീകരണം (incarnation) എന്ന ക്രിസ്തുമതതത്വം വ്യത്യസ്തമാണ്. ദൈവം മനുഷ്യനായി, അതായത് ദൈവം ഒരു മനുഷ്യനിൽ വസിച്ചു; അവർ രണ്ടുപേരും വെവ്വേറെ സ്ഥിതി ചെയ്യുന്നു എന്നല്ല നാം വിശ്വസിക്കുന്നത്. പിന്നെയോ ദൈവം മനുഷ്യനായി - വചനം ശരീരമായി - എന്നും ഇങ്ങനെ ഉൽഭൂതമായ ദൈവമനുഷ്യൻ ഇതേ അവസരത്തിൽ പുനരുത്ഥാനത്തിനുശേഷം നിത്യമായി സ്ഥിതി ചെയ്യുന്നു എന്നുമാണ് നാം വിശ്വസിക്കുന്നത്. ചരിത്രപരമായ തെളിവുകൾക്കു പുറമേ ഈ കാരണം കൊണ്ടുകൂടെയാണു സഭ നമ്മുടെ

കർത്താവു കന്യകയിൽ ജനിച്ചു എന്നു വിശ്വസിക്കുന്നത്. സാധാരണ രീതിയിലുള്ള മനുഷ്യോല്പാദനമാണെങ്കിൽ സ്ത്രീപുരുഷബന്ധം മൂലം ഉരുവാകുന്ന പ്രത്യേക നിമിഷത്തിൽ ദൈവം അതിൽ കുടികൊള്ളുന്നു.

മശിഹാവതാരത്തിന്റെ സ്വഭാവം ഇതല്ല. ദൈവം മനുഷ്യത്വം സ്വീകരിച്ചെന്നും കന്യകയായ മാതാവിൽനിന്നു ഉടലെടുത്തെന്നും ഈ ശിശു ഉരുവായ നിമിഷം മുതൽ മനുഷ്യൻ മാത്രമല്ല ദൈവം മനുഷ്യൻ ആകുകയുമായിരുന്നു എന്നുമാണ് നാം വിശ്വസിക്കുന്നത്. പുനരുത്ഥാനം എന്നാൽ ക്രിസ്തു ദേഹത്തിൽ നിന്നു വേർപെട്ട് ക്രൂശുമരണത്തെ അതിജീവിച്ചു എന്നല്ല, ദേഹത്തോടുകൂടെത്തന്നെ ഉയിർത്തെഴുന്നേറ്റു, ഇപ്പോഴും ദൈവമനുഷ്യനായി ജീവിക്കുന്നു എന്നാണ്. ഇതിന്റെ പ്രാധാന്യം നാം പലപ്പോഴും ഗ്രഹിക്കുന്നില്ല. പക്ഷേ ഒഴിഞ്ഞ കല്ലറ (Empty tomb)യുടെ അർത്ഥം ഇതുതന്നെയാണ്. അതായത് ലോകത്തിൽവച്ച് യേശുതമ്പുരാനുണ്ടായിരുന്ന അതേ ശരീരം തന്നെയാണ് പുനരുത്ഥാനശേഷം തനിക്കുള്ളത്. ആ ശരീരം രൂപാന്തരപ്പെടുകയും തേജസ്ക്കരിക്കപ്പെടുകയും ചെയ്തു, അത്രതന്നെ. അദ്ദേഹം നിത്യമായി ദൈവ-മനുഷ്യൻ ആയിരിക്കുന്നത് തന്റെ ഐഹികജീവിതാനുഭവങ്ങളുടെ സ്മരണകളാൽ മാത്രമല്ല, പിന്നെയോ തന്റെ മനുഷ്യത്വം ഉപേക്ഷിക്കാതെ ഇരിക്കുന്നതുകൊണ്ടാണ്. **ക്രിസ്തുവിന്റെ ജഡീകരണം സ്വർഗ്ഗവും ഭൂമിയും തമ്മിലും ദേഹവും ദേഹിയും തമ്മിലും ദൈവവും മനുഷ്യനും തമ്മിലും ഉള്ള അവിഭാജ്യമായ യോഗമാണ്.** സ്വർഗ്ഗവും ഭൂമിയും എന്നന്നേക്കുമായി യോജിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തീയജീവിതം ആത്മീകം മാത്രമല്ല ജഡീകം കൂടെയാണ്. ക്രിസ്തീയമോക്ഷം ആത്മാവിനു മാത്രമല്ല ശരീരത്തിനും ഉണ്ട്. പരലോകത്തിൽ മാത്രമല്ല ഇഹലോകത്തിലും ഉണ്ട്. ക്രിസ്തുവിന്റെ ജനനത്തിനുശേഷം ജീവിതം മുഴുവൻ ഒരു കൂദാശയായിത്തീർന്നിരിക്കുന്നു. സഭയിലെ ഓരോ പ്രത്യേക കൂദാശയും നാം വിശ്വസിക്കുന്ന രീതിയിലുള്ള ഒരു മശിഹാവതാരത്തിന്റെ പരിണിതഫലം മാത്രമാണ്. **ക്രിസ്തുവിന്റെ ദൃശ്യശരീരം അദൃശ്യമായ ദൈവത്തിന്റെ മൂടുപടമായിരുന്നതുപോലെ കൂദാശകളിൽ ദൃശ്യമായ വസ്തു അദൃശ്യമായ കൃപയുടെ മാർഗ്ഗമായി ഭവിക്കുന്നു.** ഇതിന്റെ രഹസ്യം മുഴുവൻ നമുക്കു മനസ്സിലായെന്ന് വരികയില്ല. എന്നാൽ മശിഹാവതാരത്തെപ്പറ്റി മേൽവിവരിച്ച രീതിയിലുള്ള വിശ്വാസം കാണപ്പെടുന്ന സഭയും കാണപ്പെടുന്ന കൂദാശകളും ഉള്ള ഒരു വസ്തുവായി പരിണമിച്ചതിൽ അത്ഭുതമില്ല. മശിഹാവതാരത്തിൽ ഉള്ള വിശ്വാസം ക്രിസ്തീയ ജീവിതത്തിന്റെ നാഡിയാകുന്നു. യേശുതമ്പുരാനിൽ ഐഹികജീവിതം മുഴുവൻ കൂദാശാപരമായി (Sacramental) തീർന്നിട്ടുണ്ട്. സർവ്വ വസ്തുക്കളും ദൈവകൃപയ്ക്കു വാഹനങ്ങളായും ദൈവോദ്ദേശ്യത്തിന്റെ ആയുധങ്ങളായും വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. ആയതുകൊണ്ട് നമ്മുടെ ശരീരങ്ങളും ഈ ലോകം മുഴുവൻ തന്നെയും ജീവനുള്ള ആത്മാവിന്റെ ഭവനങ്ങളാണെന്ന് നമുക്ക് സത്യമായി വിശ്വസിക്കാം.

ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ ദൈവത്വവും മനുഷ്യത്വവും നമ്മുടെ ആത്മാക്കളെ തന്നെയല്ല, ശരീരങ്ങളെയും രൂപാന്തരപ്പെടുത്തി തന്നോടു സദൃശമാക്കുന്നു. നാം അവനിൽ വസിക്കുകയും അവൻ നമ്മിൽ വസിക്കുകയും ചെയ്തിട്ടു ദൈവികവും മാനുഷികവുമായ മുന്തിരിയുടെ സജീവശാഖകളായിത്തീരുന്നു. മശിഹാവതാരംമൂലം ഈ മുന്തിരിയെ ലോകമാകുന്ന തോട്ടത്തിൽ നടുകയാണുണ്ടായത്. അവൻ തായ്ത്തടിയും നാം കൊമ്പുകളും ആകുന്നു. അവനിൽ വസിക്കാതെ നമ്മിൽ ഒരു ജീവനും ഇല്ല. നാം ജീവിക്കുന്നതു ക്രിസ്തുമുഖാന്തരമാകുന്നു. ◎

വിവർത്തകൻ -
പി.റ്റി. ഏബ്രഹാം, പുരയ്ക്കൽ, കടപ്ര.

യുവലോകം - 85

ഫാ. ഡോ. തോംസൺ റോബി





അകമേ ഉള്ള സൗന്ദര്യം ശ്രേഷ്ഠം

ഇണക്കിളികൾ കൂട് നിർമ്മിക്കാൻ സ്ഥലം തേടുകയായിരുന്നു. ആദ്യം കണ്ട വലിയ മരത്തോട് അവർ ചോദിച്ചെങ്കിലും ആ മരം സമ്മതിച്ചില്ല. നിരാശകൊണ്ട് പക്ഷികൾ ആ മരത്തോട് അഹന്തയുടെ ഫലം നീ അനുഭവിക്കും എന്നു പറഞ്ഞു. അവർ മറ്റൊരു മരത്തിൽ കൂടു കെട്ടി. തൊട്ടടുത്ത ദിവസം പെയ്ത ശക്തമായ മഴയിൽ ആദ്യത്തെ മരം വീണു. അതുകണ്ട പക്ഷികൾ പറഞ്ഞു: "അന്നേ ഞങ്ങൾ പറഞ്ഞിരുന്നില്ലേ, നിനക്ക് ഈ ഗതി വരുമെന്ന്." മരം ശാന്തമായി പറഞ്ഞു: "എന്റെ വേരുകൾക്ക് ബലം നഷ്ടപ്പെടുന്നത് ഞാൻ അന്നേ തിരിച്ചറിഞ്ഞിരുന്നു. എന്നിൽ കൂടു കൂട്ടിയിരുന്നെങ്കിൽ നിങ്ങളും നശിക്കുമായിരുന്നു. അതു ഞാൻ നിരസിച്ചതിൽ ക്ഷമിക്കണം." ഈ കഥയിൽ, ആ മരം തന്റെ നാശം മൂലം മറ്റൊരാൾ കൂടി നശിക്കരുതെന്ന് ആഗ്രഹിച്ചു. ആ മരത്തിന്റെ പുറമേയുള്ള അലങ്കാരഭംഗിയേക്കാളും അകമേ ഉള്ള സൗന്ദര്യം എത്ര ശ്രേഷ്ഠമാണ്.

"നല്ലവരായിരിക്കൂ, നിങ്ങൾക്ക് സന്തോഷമുണ്ടാകും" എന്ന ബെഞ്ചമിൻ ഫ്രാങ്ക്ളിന്റെ സന്ദേശം നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. നാം ആയിരിക്കുന്നതിൽ സന്തോഷിക്കുവാൻ കഴിയണം. പുറമെ കാണുന്ന അലങ്കാരഭംഗിയൊന്നും അദൃശ്യമായി നിൽക്കുന്ന അടിത്തറയ്ക്ക് ഉണ്ടാകണമെന്നില്ല. എല്ലാവർക്കും സ്വന്തം അസ്ഥിവാരത്തിന്റെ ഉറപ്പിൽ നിന്നു മാത്രമേ പെരുമാറാനാകുകയുള്ളൂ. ഇതൊന്നും തിരിച്ചറിയാതെ തന്റെ ആവശ്യങ്ങളോട് അവഗണന കാണിച്ചതിന്റെ പേരിൽ മാത്രം ഒരാളെ എന്തിനു ശിക്ഷിക്കണം? അതുകൊണ്ട് ഒരു വ്യക്തിയെ അദ്ദേഹത്തിന്റെ പുറമെയുള്ള ഭംഗിയാലല്ല, അകമേയുള്ള നന്മയുടെ ഭംഗിയെ തിരിച്ചറിഞ്ഞായിരിക്കണം വിലയിരുത്തേണ്ടത്.

വെള്ളത്തിൽ നീന്തിക്കളിക്കുന്ന മീനിനോട് മരക്കൊമ്പിലിരുന്ന കുരങ്ങ് ചോദിച്ചു: "നീയെന്നാണ് വെള്ളത്തിന് പുറത്ത് വരുന്നത്? ഉയരത്തിലുള്ള കാഴ്ച അതിമനോഹരമാണ്." മീൻ സങ്കടത്തോടെ പറഞ്ഞു, "എനിക്ക് മരം കയറാനറിയില്ല. മാത്രമല്ല, വെള്ളമില്ലാതെ എനിക്കു ജീവിക്കുവാനുമാകില്ല." "ഒരു മരത്തിൽ പോലും കയറാൻ അറിയാത്ത നീ എന്തിനു ജീവിക്കുന്നു" എന്ന കുരങ്ങിന്റെ വാക്ക് മീനിന് വലിയ ദുഃഖം ഉണ്ടാക്കി. നിരാശനായ മീൻ തന്റെ മാതാവിനോട് ഇതു പറഞ്ഞു. സംഭവിച്ചതെല്ലാമറിഞ്ഞ അമ്മ പറഞ്ഞു, "മരത്തിൽ കയറാത്ത നിന്റെ ജീവിതം നിരർത്ഥകമാണെങ്കിൽ വെള്ളത്തിലിറങ്ങാത്ത അവന്റെ ജീവിതവും അങ്ങനെ തന്നെയാണല്ലോ!" അപ്പോഴാണ് കുരങ്ങിന് ഒരിക്കലും ചെയ്യാൻ കഴിയാത്ത എന്തെല്ലാം തനിക്കു ചെയ്യുവാൻ കഴിയുമെന്ന് മീൻ ചിന്തിച്ചത്. അതു വീണ്ടും നീന്തിത്തുടിക്കുവാൻ തുടങ്ങി. ആത്മബോധമാണ് അഭിവൃദ്ധിയുടെ ആരംഭം. അപരൻ ചാർത്തുന്ന മികവിന്റെ മാനദണ്ഡങ്ങളുടെ പിന്നാലെ പോകുന്ന ഒരാളും തന്റെ വ്യക്തിമുദ്ര പതിപ്പിക്കില്ല.

"ചങ്ങലകളെല്ലാം നമ്മൾതന്നെ നിർമ്മിച്ചതാണ്. അവ പൊട്ടിക്കാനും നമുക്കേ കഴിയൂ" എന്ന വിവേകാനന്ദസൂക്തം നാം ഓർക്കണം. സന്യാസി നടക്കുന്നതിനിടെ കുതിരക്കുളമ്പടി കേട്ട് തിരിഞ്ഞ് നോക്കിയപ്പോൾ ഒരു യുവാവ് കുതിരപ്പുറത്ത് വരുന്നതു കണ്ടു. താങ്കൾ

എങ്ങോട്ടാണ് വേഗത്തിൽ പോകുന്നത് എന്ന് സന്യാസി ചോദിച്ചു. യുവാവ് പറഞ്ഞു “അതെനിക്കറിയില്ല. കുതിരയോട് ചോദിക്കണം”. ഇത്രയും പറഞ്ഞ് അയാൾ യാത്ര തുടർന്നു. ആരുടെയൊക്കെയോ നിയന്ത്രണത്തിലാണ് എല്ലാവരും. എത്തിച്ചേരണമെന്ന് ആഗ്രഹിച്ച സ്ഥലങ്ങളുടെ വിപരീതദിശയിൽ എത്തിച്ചേരുന്നവർ കുറവല്ല. കാരണം, വഴിയറിയാതെ യാത്ര തുടർന്നാൽ വിപരീത ദിശയിൽ നമ്മൾ എത്തിച്ചേരും. അവിടെ ഉള്ള പലരും നമ്മെ മാടിവിളിക്കും. പുറംമോടിയല്ല മറിച്ച് ആന്തരികമായ സത്യാവസ്ഥ നാം തിരിച്ചറിയണം. **‘‘കാരുണ്യമുള്ള മനുഷ്യൻ ഫലവൃക്ഷം പോലെയാണ്. ഫലം നൽകിയിട്ട് നിശ്ശബ്ദനായിരിക്കും”** എന്ന് പഴമൊഴി. ഫലം നല്കുക എന്നത് വൃക്ഷത്തിന്റെ കർത്തവ്യം. ആർക്കു നൽകും എന്ന് വിവേചിക്കാതെ എല്ലാവർക്കും നൽകും.

“കലങ്ങിമറിയുന്ന ജീവിതത്തിൽ സ്വന്തം കർമ്മമാർഗ്ഗം കണ്ടെത്താൻ കഴിയാത്തവർക്ക് ഒരിക്കലും മുന്നോട്ടു പോകുവാൻ കഴിയില്ല” എന്ന് രവീന്ദ്രനാഥ ടാഗോർ പറയുന്നത് ശരിയാണ്. വിമർശനങ്ങൾക്കും നിരുത്സാഹപ്പെടുത്തലുകൾക്കും അതീതമായി ചിന്തിക്കുന്നവനേ വിജയം നേടാൻ കഴിയുകയുള്ളൂ. അതുകൊണ്ട് പുറമേയുള്ള മനുഷ്യനെക്കാൾ അകമേയുള്ള മനുഷ്യനെ കണ്ടെത്തുവാൻ കഴിയണം. ആന്തരിക ഉണർവ്വു നൽകാത്ത ബാഹ്യ പ്രേരണകളൊന്നും ശാശ്വത പരിഹാരത്തിലേക്ക് നയിക്കില്ല.

“എന്റെ അറിവില്ലായ്മയെക്കുറിച്ചുള്ള അറിവാണ് എന്റെ ഏറ്റവും വലിയ അറിവ്” എന്ന് സോക്രട്ടിസ് പറഞ്ഞത് ശരിയല്ലേ. നാലു സുഹൃത്തുക്കളിൽ മൂന്നുപേർ അറിയപ്പെടുന്ന പണ്ഡിതരും നാലാമൻ സാധാരണക്കാരനുമായിരുന്നു. പാണ്ഡിത്യം തെളിയിക്കുന്നവർക്ക് പാരിതോഷികം നൽകുമെന്ന് കേട്ടറിഞ്ഞ ഇവർ കൊട്ടാരത്തിലേക്കു യാത്രയായി. കാടിനുള്ളിലെത്തിയപ്പോൾ ഏതോ ജീവിയുടെ എല്ലിൻ കഷണങ്ങൾ കിടക്കുന്നതു കണ്ട് അവർ സൂക്ഷ്മ നിരീക്ഷണം നടത്തിയശേഷം ഒന്നാമൻ ആ ജീവിയുടെ നട്ടെല്ലിന്റെ ഘടനയെപ്പറ്റി പറഞ്ഞു. രണ്ടാമൻ ഇതു സിംഹമാണെന്നു പറഞ്ഞപ്പോൾ മൂന്നാമൻ ഞാൻ മന്ത്രം ചൊല്ലിയാൽ വീണ്ടും സിംഹം ജീവിക്കും എന്നു പറഞ്ഞു. നാലാമൻ എതിർത്തെങ്കിലും അയാൾ മന്ത്രം നിർത്തിയില്ല. മൂന്നു പേരും എന്തു സംഭവിക്കുമെന്നറിയാൻ നോക്കി നിന്നെങ്കിലും നാലാമൻ ഓടി അടുത്തുള്ള മരത്തിൽ കയറി. മന്ത്രം പൂർത്തിയായതും സിംഹത്തിന് ജീവൻ വച്ചു. സന്തോഷത്തിൽ മതി മറന്നു നിന്ന മൂന്നുപേരെയും സിംഹം കൊന്നു തിന്നു. അറിവ് വേണ്ടാത്തിടത്ത് ഉപയോഗിക്കുന്നത് അപകടമാണ്. പാണ്ഡിത്യത്തെക്കാൾ പ്രധാനമാണ് വിവേകം. അതുകൊണ്ട് അറിവുണ്ടാവുക മാത്രമല്ല പ്രാധാന്യം, അത് എങ്ങനെ വിനിയോഗിക്കണം എന്നറിയുന്നതാണ് വിവേകം.

“സദ്‌വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും വളരെയധികം കഷ്ടപ്പെട്ട് പടിപടിയായി മാത്രമേ ഉന്നതനിലയിൽ എത്തിച്ചേരൂ. പക്ഷേ എത്തിച്ചേർന്ന ഉയരത്തിൽനിന്ന് താഴേക്കു പതിക്കാൻ ഒരു ചെറിയ തെറ്റു മതി” എന്ന സത്യം പഠിപ്പിച്ച മരത്തിനോട് ആ കിളികൾ എത്ര അധികം നന്ദി പറയണം. “വീഴാൻ ഒരു നിമിഷം മതി, പക്ഷേ വീഴാതിരിക്കുന്നതാണ് അഭികാമ്യം” എന്ന തിരിച്ചറിവ് നൽകിയ മരമാണ് യഥാർത്ഥ വഴികാട്ടിയും കൂട്ടുകാരനും. മരത്തിൽ ചാടിക്കളിക്കുന്ന കുരങ്ങനും വെള്ളത്തിലെ മീനും അവരുടേതായ പ്രത്യേകത ഉള്ളവരാണെന്ന് സ്വയം തിരിച്ചറിയണം. മാക്സിം ഗോർക്കി ഓർമ്മിപ്പിക്കുന്നു: “ജീവിതം ഒരു സർവ്വകലാശാലയാണ്. പഠിക്കുവാനുള്ള പല വിഷയങ്ങളും അവിടെത്തന്നെയുണ്ട്.” ആയതിനാൽ യുവതീയുവാക്കളേ, ബാഹ്യരൂപം കണ്ട് ആകർഷിക്കപ്പെടാതെ ഉള്ളിലുള്ള നന്മ കണ്ട് മറ്റുള്ളവരെ വിലയിരുത്തുവാൻ കഴിയണം; ബാഹ്യമോടിയിൽ വീഴാതിരിക്കുവാൻ കഴിയണം. പുറമേ ഉള്ളത് നശിക്കും, അകമേ ഉള്ളത് നിലനില്ക്കും - യുവതീയുവാക്കൾ തിരിച്ചറിയുക. ◎

ക്രൈസ്തവ ദർശനം - 52

പ്രൊഫ. ഡോ. റ്റി. വി. തോമസ്



പ്രതിസന്ധികളിൽ തളരാതെ

നാലുചുറ്റും പ്രതിസന്ധികൾ നമ്മെ വലയം ചെയ്യുമ്പോൾ, ചെകുത്താനും കടലിനുമിട യിൽ അകപ്പെട്ടുവെന്ന ആകുലചിന്ത നമ്മെ പിടികൂടുമ്പോൾ, സമചിത്തത കൈവിടാതെ ധൈര്യപൂർവ്വം മുന്നേറുകയാണ് വേണ്ടത്. ദൈവം നമുക്ക് തുണയായും രക്ഷാദുർഗ്ഗമാ യുമുള്ളപ്പോൾ നാം എന്തിനെ ഭയപ്പെടണം? "*ദൈവം നമ്മുടെ സങ്കേതവും ബലവും ആ കുന്നു. കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു*" (സങ്കീ 46:1).

ഒരു വനാന്തരത്തിൽ തീ പടർന്നുപിടിച്ചു. അവിടെയുണ്ടായിരുന്ന മൃഗങ്ങൾ ജീവരക്ഷാ ർത്ഥം നാനാഭാഗത്തേക്കും ഓടി രക്ഷപ്പെടുക യായിരുന്നു. കൂട്ടത്തിൽ ഒരു മാനിന് പ്രസവ വേദന അനുഭവപ്പെട്ടു. പോകുന്ന വഴിയിൽ ഉണ്ടായിരുന്ന ഒരു അരുവിയുടെ കരയിൽ നിന്ന് ദൂരത്തേക്കു നോക്കിയപ്പോൾ അവിടെയും കാട്ടുതീ. തല ഉയർത്തിനോക്കിയപ്പോൾ അല്പം അകലെ ഒരു മരത്തിന്റെ മറവിൽ നി ന്നുകൊണ്ട് ഒരു വേടൻ അതിനെ അമ്പെയ്യു വാൻ ഒരുങ്ങുന്നതായി കണ്ടു. എന്തുചെയ്യണ മെന്നറിയാതെ നിൽക്കുമ്പോൾ ദൂരെനിന്ന് ഒരു സിംഹം തന്റെ അടുത്തേക്ക് പാഞ്ഞുവരുന്ന കാഴ്ചയാണ് കണ്ടത്. നാലുചുറ്റും പ്രതിസന്ധി കൾ. ഒരു വശത്ത് പുഴയും കാട്ടുതീയും; മറു വശത്ത് സിംഹവും വേട്ടക്കാരനും! പ്രസവവേ ദനകൊണ്ട് പുളയുന്ന മാൻ ഗത്യന്തരമില്ലാതെ നിന്നിരുന്ന സ്ഥലത്തുതന്നെ തന്റെ കുഞ്ഞിന് ജന്മം നൽകുവാൻ നിർബന്ധിതയായി. പെട്ടെന്ന് ഇടിവെട്ടുന്ന ഒരു ശബ്ദവും ഒപ്പം ഒരു അലർ ച്ചയും കേട്ടു. ശബ്ദം വേടന്റേതായിരുന്നു. അപ്ര തീക്ഷിതമായി ഉണ്ടായ ഇടിനാദത്തിൽ ഭയവി ഹ്വലനായ വേടന്റെ അമ്പ് ഉന്നംതെറ്റി സിംഹ ത്തിന്റെമേൽ പതിച്ചു. വേദനയോടെ പിടയുന്ന സിംഹം ഗർജ്ജിച്ചുകൊണ്ട് തന്റെ നേരെ പാഞ്ഞുവരുന്നതു കണ്ട് വേടൻ അവിടെ നിന്നും ജീവനുംകൊണ്ട് ഓടി. ഇടി വെട്ടിയ പ്പോൾതന്നെ പെയ്ത മഴയിൽ കാട്ടുതീ കെട്ടു പോയി. വാക്കുകൾക്കതീതമായ രക്ഷ ലഭിച്ച മാൻ സ്തബ്ധയായി നിന്നു.

കാട്ടിൽ തീ പടർന്നുപിടിച്ച അവസരത്തിൽ അവിടെയുണ്ടായിരുന്ന സസ്യലതാദികൾ ക്കൊപ്പം അതിൽ ഒന്നിൽ കൂടുകെട്ടി മുട്ടയിട്ടി രുന്ന ഒരു കുരുവിയുടെ കൂട് കത്തിപ്പോയി. എന്നാൽ പതിവുപോലെ അടുത്ത പ്രഭാത ത്തിൽ ഉണർന്ന് പാട്ടു പാടിയ കുരുവിയോട് കാട്ടിലെ ഒരു സുഹൃത്ത് അത്ഭുതത്തോടെ ചോദിച്ചു: "ഇന്നലെയല്ലേ നിന്റെ കൂട് കത്തി പ്പോയത്, പിന്നെ നിനക്ക് ഇന്ന് എങ്ങനെ പാടു വാൻ കഴിയുന്നു?'' മറുപടിയായി കുരുവി പറഞ്ഞു: "**പ്രഭാതത്തിൽ പാട്ടു പാടുകയെ ന്നുള്ളത് എന്റെ കർമ്മമാണ്. ഇന്നലത്തെ നഷ്ടങ്ങൾ ഓർത്തല്ല; ഇന്നിന്റെ നന്മകൾ ഓർത്താണ് ഞാൻ പാടുന്നത്.**"


"മനമേ! പക്ഷിഗണങ്ങളുണർ-ന്നിതാ
പാടുന്നു ഗീതങ്ങൾ
മനമേ! നീയുമുണർന്നിട്ടേശു-പരനെ
പാടി സ്തുതിക്ക..."

അപ്പോൾ പരമോന്നതൻ നമ്മെ കാത്തു പരി പാലിക്കും. പ്രഭാതത്തിൽ കളകളനാദം പുറ പ്പെടുവിക്കുന്ന പക്ഷികൾ പ്രതിസന്ധികളിൽ നമുക്ക് ധൈര്യം പകർന്നു നൽകുന്നില്ലേ?

(ശേഷം പേജ് 20-ൽ)

HDFC Bank, the one-point solution to all your financial needs

We understand your need for convenient and world class banking.



Bank with us to enjoy:

- Wide range of products and services
- Large network of over 5000+ branches and 15000+ ATMs across India
- Quick access to your funds through ATMs, PhoneBanking and NetBanking

Our range of products and services include:




- Savings Regular Accounts
- Savings Max Account
- Current Accounts
- Doctors Account



- Mutual Funds
- Insurance
- Demat Account
- Wealth Services

Conditions apply



- Personal Loan
- Two-Wheeler Loan
- Auto Loan
- Home Loan
- Business Loan
- Loan Against Property
- Gold Loan
- Loan Against Security
- Loan on Credit Card
- Working Capital Finance

HDFC Bank Ltd
Poornima Building, Ground Floor, Near
NH Byepass Junction, Aluva - 683101
Mob: 70342 55222

HDFC BANK | INDIA'S No.1 BANK

പ്രവാചകന്മാർ – 21

പ്രൊഫ. മാത്യു കോശി



ചെറിയ പ്രവാചകൻ –

ആമോസ്

ബി. സി. 775 മുതൽ 750 വരെയാണ് ആമോസിന്റെ പ്രവചനകാലം എന്ന് ചരിത്രത്തിൽ നിന്ന് മനസ്സിലാക്കുന്നു. യഹൂദാരാജാവായ ഉസ്സീയാവിന്റെ കാലത്തും യിസ്രായേൽ രാജാവായ യോവാശിന്റെ മകൻ യെരോബയാമിന്റെ കാലത്തും യിസ്രായേലിനെക്കുറിച്ചും മറ്റു ചില ദേശങ്ങളെക്കുറിച്ചും ദർശിച്ച വചനങ്ങളാണ് ആമോസിന്റെ പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നത്. ബേത്‌ലെഹേമിനു തെക്ക് തെക്കോവ എന്ന സ്ഥലത്തുള്ള ഒരു ആട്ടിടയനായിരുന്നു ആമോസ്. കമ്പിളിരോമങ്ങൾ ഉൽപാദിപ്പിക്കുവാനുള്ള ആടുകളെ മേയ്ക്കുന്നവരിൽ ഒരുവനായിരുന്നു അദ്ദേഹം. വനാന്തരങ്ങളിൽ കാട്ടത്തിപ്പഴങ്ങൾ പെറുക്കുന്നവനായും കാണാം. ആട്ടുരോമകച്ചവടവുമായി ബന്ധപ്പെട്ട് യിസ്രായേലിലും ആമോസ് പരിചിതനായിരുന്നു.

യഹോവ കല്പിക്കുന്നതെല്ലാം ധൈര്യത്തോടെ ആമോസ് ജനത്തെ അറിയിച്ചു. യിസ്രായേൽ ഐശ്വര്യമുള്ള രാജ്യം ആയിരുന്നു എങ്കിലും സർവ്വത്ര അനീതി, ദുർമാർഗ്ഗം, വിഗ്രഹാരാധന എല്ലാം അവിടെ പ്രബലപ്പെട്ടിരുന്നു. ജനം യഹോവയെ നിരസിച്ചു ജീവിച്ചതായും കാണുന്നു. ദെമ്മേശെക്ക്, ഗസ്സ, സോർ, ഏദോം, അമ്മോന്യ, മോവാബ്, യഹൂദ, യിസ്രായേൽ എന്നീ എട്ടു ദേശങ്ങളെ സംബോധന ചെയ്തുകൊണ്ടാണ് പ്രവചനം ആരംഭിക്കുന്നത്. ഇതിൽ ആറും വിജാതീയരാജ്യങ്ങളാണ്. എല്ലാവരുടെയും മൂന്നോ നാലോ അതിക്രമങ്ങൾ നിമിത്തം ശിക്ഷ ലഭിക്കും എന്ന് പ്രവാചകൻ സൂചിപ്പിക്കുന്നു. ദെമ്മേശെക്ക് ഗിലയാദിനെ ഇരുമ്പു മെതിവണ്ടികൊണ്ടു മെതിച്ചു, ഗസ്സ ഏദോമിലെ ആളുകളെ ബന്ധന്മാരായി കൊണ്ടുപോയി, സോർ സഹോദരസഖ്യം ഓർക്കാതിരുന്നു, ഏദോം തന്റെ സഹോദരനെ വാളോടുകൂടി പിന്തുടർന്നു, അമ്മോന്യർ ഗിലയാദിലെ ഗർഭിണികളെ പിളർന്നു, മോവാബ് ഏദോം രാജാവിന്റെ അസ്ഥികളെ ചുട്ടു കുമ്മായമാക്കി, യഹൂദാ വ്യാജമൂർത്തികളുടെ പിമ്പേ പോയി, യിസ്രായേൽ നീതിമാനെ പണത്തിനും ദരിദ്രനെ ഒരു കൂട്ടു ചെരിപ്പിനും വിറ്റുകളഞ്ഞു. ഇവയാണ് കുറ്റങ്ങളുടെ ചുരുക്കം. ഈ എട്ടു രാജ്യങ്ങളുടെയും ശിക്ഷയും വിശദീകരിക്കുന്നുണ്ട്.

യഹൂദയുടെയും യിസ്രായേലിന്റെയും എടുത്തു പറയത്തക്ക പാപങ്ങൾ അനേകമാണ്. സന്മാർഗ്ഗമല്ലാത്ത ജീവിതം (2:7), ഭക്തിയില്ലാത്ത രീതിയിൽ ദേവാലയത്തെ ഉപയോഗിക്കുന്നത് (2:8), ഹേമന്തഗൃഹങ്ങൾ, ഗ്രീഷ്മഗൃഹങ്ങൾ, ദന്തഭവനങ്ങൾ മുതലായ ആഡംബരങ്ങൾ (3:14), അത്യാർത്തി (4:1), കൈക്കൂലി (5:12), കച്ചവടത്തിലെ വ്യാജരീതിയും അമിതലാഭവും (8:4), ശബ്ബത്തിനെയും വിശേഷദിവസങ്ങളെയും അഗണ്യമാക്കുന്ന ജീവിതം (8:5) – അങ്ങനെ ഒട്ടനവധി തെറ്റുകൾ പ്രവാചകൻ എടുത്തു കാണിക്കുന്നു.

യിസ്രായേലിൽ വന്ന് പ്രവചനം നടത്തിയ ആമോസിനോട് ബേഥേലിലെ പുരോഹിതനായ അമസ്യാവിന് അപ്രീതി തോന്നി. ആമോസ് രാജാവിനു വിരോധമായി പ്രവചിക്കുന്നു എന്ന് അമസ്യാവ് ആരോപിക്കുന്നു. അമസ്യാവ് ആമോസിനോട് ഇപ്രകാരം പറയുന്നു: ‘‘*എടോ ദർശകാ, യഹൂദാ ദേശത്തിലേക്ക് ഓടിപ്പൊയ്ക്കൊൾക; അവിടെ പ്രവചിച്ച് അഹോവൃത്തി കഴിച്ചുകൊൾക. ബേഥേലിലോ, ഇനി പ്രവചിക്കരുത്; അതു രാജാവിന്റെ വിശുദ്ധ മന്ദിരവും രാജധാനിയുമല്ലോ”* (7: 12, 13). ഇതിന് **“ഞാൻ പ്രവാചകനല്ല, പ്രവാചകശിഷ്യനുമല്ല, ഇടയനും കാട്ടത്തിപ്പഴം പെറുക്കുന്നവനുമത്രേ.**

ഞാൻ ആടുകളെ നോക്കിക്കൊണ്ടിരിക്കുമ്പോൾ യഹോവ എന്നെ പിടിച്ചു; നീ ചെന്നു എന്റെ ജനമായ യിസ്രായേലിനോടു പ്രവചിക്ക എന്നു യഹോവ എന്നോടു കല്പിച്ചു" എന്ന് ആമോസ് ഉത്തരം പറഞ്ഞു (7:14, 15). ഇംഗ്ലീഷിൽ ഈ ഭാഗം എഴുതിയിരിക്കുന്നത് അല്പം വ്യത്യാസത്തിലാണ്. "I was no prophet, neither was a prophet's son..." (7:14). അക്കാലത്ത് പ്രവാചകന്മാർക്ക് ശിഷ്യന്മാരായ പ്രവാചകരും, പ്രവാചകരായ മക്കളും ഉണ്ടായിരുന്നു.

യിസ്രായേലിന്റെ അധഃപതിച്ച ജീവിതരീതിയെ കാണിക്കുന്നത് ഒരു കൊട്ട പഴുത്ത പഴത്തിന്റെ ദർശനത്തിൽക്കൂടെയാണ്. ജനം പഴുപ്പ് പിടിച്ച അവസ്ഥയിലായിരുന്നു. "അവരുടെ ഉത്സവങ്ങൾ ദുഃഖകാരണമാകും, ഗീതങ്ങൾ വിലാപങ്ങളായി മാറും. വളരെ പ്രയാസമുള്ള കാലം ഉണ്ടാകും" എന്ന് പ്രവാചകൻ മുന്നറിയിപ്പു നൽകുന്നു. ഇതിനെല്ലാം കാരണം ദൈവവചനത്തോട് ജനം അനാദരവു കാണിക്കുകയും ന്യായപ്രമാണം ഉപേക്ഷിക്കുകയും ചെയ്തു എന്നതാണ്. "അപ്പത്തിനായുള്ള വിശപ്പല്ല, വെള്ളത്തിനായുള്ള ദാഹവുമല്ല, യഹോവയുടെ വചനങ്ങളെ കേൾക്കേണ്ടതിനുള്ള വിശപ്പുതന്നെ ഞാൻ ദേശത്തേക്കു അയയ്ക്കുന്ന നാളുകൾ വരുന്നു എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്" (8:11).

യിസ്രായേലിനോടാണ് കൂടുതൽ കാര്യങ്ങൾ ആമോസ് പറയുന്നത്. നാല്പതു വർഷം മരുഭൂമിയിൽക്കൂടി യഹോവ അവരെ നടത്തി പരിപാലിച്ച വിധങ്ങൾ ഓർമ്മപ്പെടുത്തുന്നു. പ്രവാചകരോട് പ്രവചിക്കരുതെന്നു പറഞ്ഞതും, പ്രവചിക്കുന്നവർക്കെതിരായി രാജാക്കന്മാർ നിലകൊണ്ടതും പ്രവാചകൻ പറയുന്നുണ്ട്. യഹോവ വേർതിരിച്ച വ്രതസ്ഥന്മാർക്ക് അവർ വീഞ്ഞു കുടിപ്പാൻ കൊടുത്തതും പാപമായി കണക്കിടും എന്ന് യഹോവ പ്രവാചകനിൽക്കൂടെ അരുളിച്ചെയ്യുന്നു. എളിയവരെ പീഡിപ്പിക്കുകയും ദരിദ്രരെ തകർക്കുകയും ചെയ്യുന്ന രീതി നിലനിന്നിരുന്നു.


ഇതിന്റെയൊക്കെ ഫലമായി ജനം പലവിധത്തിൽ കഷ്ടപ്പെടേണ്ടതായി വരും. അപ്പത്തിന്റെ കുറവ്, മഴയില്ലാതെ ഉളവാകുന്ന വെള്ളക്ഷാമം, കൃഷിനാശം എന്നിവ സംഭവിക്കും എന്ന് പ്രവാചകൻ ഓർമ്മിപ്പിക്കുന്നു. സോദോമിനെയും ഗൊമോറയെയും പോലെ ഉന്മൂലനാശം സംഭവിക്കുമെന്നും പറയുന്നു. ഈ മനോഭാവത്തോടെ ജനം കഴിക്കുന്ന ഉത്സവങ്ങളെ യഹോവ ദ്വേഷിച്ചു നിരസിക്കും, സഭായോഗങ്ങളിൽ യഹോവ പ്രസാദിക്കയില്ല, ഹോമയാഗങ്ങളും ഭോജനയാഗങ്ങളും അംഗീകരിക്കയില്ല, വീണാനാദം യഹോവ ഇഷ്ടപ്പെടുകയില്ല, അവരെ ശിക്ഷിക്കും എന്നും യഹോവ പറയുന്നു. അവർ പാതാളത്തിൽ അഭയം പ്രാപിച്ചാലും, ആകാശത്തിൽ കയറിയാലും, കർമ്മേലിന്റെ കൊടുമുടിയിൽ ഒളിച്ചാലും, സമുദ്രത്തിന്റെ അടിയിൽ മറഞ്ഞിരുന്നാലും അവിടെനിന്നെല്ലാം ദൈവം അവരെ മടക്കിവരുത്തും എന്ന് പ്രവാചകൻ പറയുന്നു.

ആമോസ് നീതിയുടെ പ്രവാചകനാണ്. സമൂഹത്തിലെ തിന്മ യഹോവയുടെ ഹൃദയം വേദനിപ്പിക്കുന്നതാക്കി. അത് പ്രവാചകനിൽക്കൂടി ജനത്തിനു വെളിപ്പെടുത്തിക്കൊടുക്കുന്നതായി കാണാം. പ്രവചനത്തിൽ ഉടനീളം ജനത്തിന്റെ പാപവും അതുമൂലമുള്ള ശിക്ഷയും വർണ്ണിച്ചിരിക്കുന്നു. എന്നാൽ അവസാനഭാഗത്ത് പ്രത്യാശയുടെ ദൂതാണ് കാണുന്നത്. യഹോവയിങ്കലേക്ക് ജനം തിരിയുമ്പോൾ അവർക്ക് നന്മ ഉണ്ടാകും. യാക്കോബ് ഗൃഹത്തെ യഹോവ മുഴുവനായി നശിപ്പിക്കയില്ല. ദാവീദിന്റെ വീണുപോയ കൂടാരത്തെ അവൻ നിവർത്തും. പുരാതന കാലം പോലെ എല്ലാം പണിയപ്പെടും. "ഞാൻ അവരെ അവരുടെ ദേശത്തു നടും; ഞാൻ അവർക്കു കൊടുത്തിരിക്കുന്ന ദേശത്തുനിന്ന് അവരെ ഇനി പറിച്ചുകളകയുമില്ല എന്ന് നിന്റെ ദൈവമായ യഹോവ അരുളിച്ചെയ്യുന്നു" (9:15).

ആമോസിന്റെ പ്രവചനം ഇന്നും പ്രസക്തമാണ്. യഹോവയെ നിരസിക്കുന്ന പാപങ്ങൾ ഇന്ന് പെരുകിയിരിക്കുകയാണ്. അതിനാൽ ശിക്ഷ തീർച്ചയാണ്. എന്നാൽ യഹോവയിലേക്ക് മടങ്ങി വരുമ്പോൾ എക്കാലത്തേക്കാളും അനുഗ്രഹം അവിടുന്ന് വർഷിക്കും. ◎

അകതലങ്ങൾ

ഡേവിഡ് മാത്യു



ധ്യാനജീവിതം - ക്രിസ്തീയ കാഴ്ചപ്പാടിൽ

നമ്മുടെ കർത്താവായ യേശു തന്റെ ഇഹലോക ജീവിതവേളയിൽ പതിവായി യെരൂശലേം നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിലെ വിജനമായ ഇടങ്ങൾ തിരഞ്ഞെടുത്ത്, ധ്യാനത്തിൽ മുഴുകി, പിതാവുമായി മൂകസംഭാഷണത്തിൽ ഏർപ്പെട്ടിരുന്നുവെന്ന് വേദഭാഗങ്ങളിൽ കാണുന്നു. പ്രലോഭനങ്ങളെയും പ്രശ്നങ്ങളെയും അതിജീവിക്കുവാനുള്ള മനക്കരുത്തും ഉൾക്കാഴ്ചയും ലഭിച്ചിരുന്നത് പിതാവുമായുള്ള ഈ സംസർഗ്ഗത്തിൽക്കൂടെ ആയിരുന്നു. അപ്രകാരം, ബലഹീനരായ നാം ഏവർക്കും, ദൈവവുമായുള്ള നിരന്തര സംസർഗ്ഗത്തിലൂടെ ദൈവികനടത്തിപ്പിന് വഴി തുറക്കപ്പെടും എന്നത് ഉറപ്പാണ്. അതിനോടൊപ്പം, യേശുനാഥൻ ഉദ്ബോധിപ്പിച്ചിട്ടുള്ള വിലപ്പെട്ട മൂല്യങ്ങളെ മുറുകെപ്പിടിച്ച് പ്രയാണം ചെയ്യുമ്പോൾ ഉത്തമമായ ഒരു ക്രിസ്തീയ ജീവിതം അഥവാ ധ്യാനജീവിതം നയിക്കുവാൻ നമുക്ക് ഏവർക്കും സാധ്യമാകും.

നമ്മുടെ ധ്യാനജീവിതത്തിലേക്കുള്ള കാൽവയ്പിലെ ഒരു സുപ്രധാന ഘടകമാണ് ധ്യാനസമയത്തെ 'ഏകാഗ്രത'. ഏകാഗ്രത പാലിക്കാതെയുള്ള ധ്യാനം ഫലം കാണുകയില്ല എന്നു മാത്രമല്ല, ആത്മീയമായി ഒന്നും തന്നെ നേടുവാൻ നമുക്ക് കഴിയുകയുമില്ല. ഏകാഗ്രത, മനസ്സിന്റെ ഏറ്റവും വിഷമമേറിയ ഒരു സ്ഥിതിവിശേഷമാണ്. അതിനാൽ ചുരുക്കം ചില വിശ്വാസികൾ മാത്രമേ ധ്യാനത്തിനായി ഒരുമ്പെടുകയുള്ളൂ. ഭൂരിഭാഗം 'വിശ്വാസികളും' അശ്രദ്ധയോടെ ഉരുവിടുന്ന പ്രാർത്ഥനകൾകൊണ്ടും, വേദപാരായണങ്ങൾ കൊണ്ടും തൃപ്തി അടയുന്നവരാണ് എന്നതാണ് യാഥാർത്ഥ്യം!

